**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2498** — **21-01-2021 - ൽ മറുപടിയ്ക്ക്**

**ചാത്തങ് കോട്ട്നട ജല വൈദ്യുത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | **Shri M. M. Mani**<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ ചാത്തങ്കോട്ട്നട ജല വൈദ്യുത പദ്ധതിയുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും വെളിപ്പെടുത്താമോ; | (എ) | കോഴിക്കോട്ട ജില്ലയിൽ കുറ്റിയാടി നദീതടത്തിലേക്കുള്ള രണ്ടു പോഷക നദികളിൽ നിന്നും 6 മെഗാവാട്ട് സ്ഥാപിത ശേഷിയും പ്രതിവർഷം 14.76 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദനവും ലക്ഷ്യമിടുന്ന പദ്ധതിയാണ് ചാത്തങ്കോട്ട്നട സ്റ്റേജ് –II ജലവൈദ്യുത പദ്ധതി. 2015 മുതൽ നിർമ്മാണം മുടങ്ങി കിടന്ന ഈ ജലവൈദ്യുത പദ്ധതി പുനരാരംഭിക്കുന്നതിന്റെ ഭാഗമായി ബാക്കി സിവിൽ ജോലികൾക്കുള്ള 41.06 കോടി രൂപയുടെ കരാർ 4/11/2018-ൽ കെ.കെ.ബിൽഡേഴ്സ് കണ്ണൂരിനു നല്കിയിട്ടുണ്ട്. E&M ജോലികൾക്കു 22.45 കോടി രൂപയുടെ കരാർ വോയിത്ത് ഹൈഡ്രോ പ്രൈവറ്റ് ലിമിറ്റഡിനു 30.03.2019 ൽ നൽകുകയുണ്ടായി. നിലവിൽ 90%-ത്തോളം സിവിൽ ജോലികളും 30%-ത്തോളം E&M ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പറയാമോ; | (ബി) | 2021 മാർച്ചിൽ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഇതിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ട് എത്ര വർഷമായി എന്നറിയിക്കാമോ? | (സി) | 2010-ൽ CIPL-CEPL-BFL-നു കരാർ നല്കിയ പദ്ധതിക്ക് പലവിധകാരണങ്ങളാലും പ്രതീക്ഷിച്ച പുരോഗതി കൈവരാത്തതിനെ തുടർന്നു, 5/2017-ൽ റദ്ദുചെയ്യുകയും, തുടർന്ന് 11/2017-ൽ പുതിയ കരാർ കെ.കെ.ബിൽഡേഴ്സ് കണ്ണൂരിനെ ഏല്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ